# കേരള സർവകലാശാല

നം.പി.ആർ.116/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല പരീക്ഷകൾക്ക് എല്ലാ ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദം, നാലാം സെമസ്റ്റർ ബിരുദം (സി.ആർ - സി.ബി.സി.എസ്.എസ്, സി.ബി.സി.എസ്.എസ്), നാലാം സെമസ്റ്റർ സി.എസ്.എസ്, അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി എന്നിവയുടെ പരീക്ഷകൾക്ക് കേരളത്തിലെ എല്ലാ ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം പുനഃക്രമീകരിച്ചു. നിലവിലുള്ള പരീക്ഷാകേന്ദ്രങ്ങൾക്കു പുറമെ ഗവ.കോളേജ്, കാസർകോട്, ഗവ.കോളേജ്, കൽപ്പറ്റ, വയനാട്, ഗവ. കോളേജ്, മലപ്പുറം, ഗവ.വിക്ടോറിയ കോളേജ്, പാലക്കാട്, മഹാരാജാസ് കോളേജ്, എറണാകുളം എന്നീ കേന്ദ്രങ്ങളിലും പരീക്ഷ നടത്തും. അതതു ജില്ലകളിലെ വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപേ ഹാൾടിക്കറ്റുമായി ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

### ടൈംടേബിൾ

ജൂലൈ 1-ാം തീയതി ആരംഭിക്കുന്ന എം.കോം (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടേയും എം.എസ്.സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്) (2018 സ്കീം) ന്റേയും പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂലൈ 7 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് & മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് അക്കൗണ്ടിംഗ് (ഒക്ടോബർ 2019) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രോജക്ട് സമർപ്പിക്കാം

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ആറാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (2017 അഡ്മിഷൻ) എന്നീ പരീക്ഷകളുടെ പ്രോജക്ട് റിപ്പോർട്ട് ജൂലൈ 10 ന് മുമ്പായി വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

## പിഎച്.ഡി രജിസ്ട്രേഷൻ – ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ ജൂലൈ 2020 സെഷൻ പിഎച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2020 ജൂലൈ 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജൂലൈ 16 ന് 5 മണിക്ക് മുൻപായി സർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. (**https://pay.keralauniversity.ac.in**)

## പരീക്ഷാകേന്ദ്രങ്ങൾ

ജൂലൈ 7 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് അക്കൗണ്ടിംഗ് പരീക്ഷയ്ക്ക് എസ്.ഡി.ഇ കാര്യവട്ടം, ടി.കെ.എം. കോളേജ്, കൊല്ലം, എസ്.ഡി കോളേജ്, ആലപ്പുഴ എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ

യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, ഗവ.സംസ്കൃത കോളേജ്,ഗവ.കോളേജ്, നെടുമങ്ങാട്, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട, എം.ജി കോളേജ്, തിരുവനന്തപുരം, ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം, ഗവ.വിമൻസ് കോളേജ്, വഴുതയ്ക്കാട്, ഗവ. കോളേജ്, ആറ്റിങ്ങൽ, വി.റ്റി.എം.എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ എസ്.ഡി.ഇ കാര്യവട്ടത്തു നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

ഗവ.കോളേജ്, ചവറ, എസ്.എൻ.കോളേജ്, കൊല്ലം, സെന്റ്.സ്റ്റീഫൻസ് കോളേജ്, പത്തനാപുരം, എം.എസ്.എം കോളേജ്, കായംകുളം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം. കോളേജ്, കൊല്ലത്തു നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി കോളേജ്, ആലപ്പുഴ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

<u>**പരീക്ഷാഫലം**</u>

2019 നവംബറിൽ നടത്തിയ ഏകവൽസര എൽ.എൽ.എം (2018–2019) സി.എസ്.എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ജൂണിൽ നടത്തിയ എം.കോം 2017–2019 ബാച്ച് (സി.എസ്.എസ്) പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
29.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098